**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4024 **16.03.2017**-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ട്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിന് മാവേലിക്കര മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിയ്ക്കുന്നതിന് മാവേലിക്കര മണ്ഡലത്തിൽ നിന്നും 341 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (ബി) | ഇവയിൽ എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇവയിൽ 181 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിക്കായി നൽകിയത് എത്ര രൂപയുടെ പ്രവൃത്തികൾക്കെന്നും ഇതിൽ ഭരണാനുമതി ലഭ്യമായത് ഏതൊക്കെ പ്രവൃത്തികൾക്കെന്നും വ്യക്തമാക്കുമോ? | (സി) | 2016-17 വർഷം മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിയ്ക്കായി 1,40,33,000/- രൂപയുടെ പ്രവൃത്തികളാണ് നൽകിയത്. ഇതിൽ 1,01,45,000/- രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയ തുക |
| --- | --- | --- |
| 1 | നൂറനാട് പഞ്ചായത്തിലെ ക്ലാത്തറ കോളനിയിലെ മലയിൽ ജംഗ്ഷൻ - കുഴിവിള റോഡ്, കോൺക്രീറ്റിംഗ്, സ്റ്റെപ്പ് നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം | 7,30,000/- |
| 2 | താമരക്കുളം പഞ്ചായത്തിലെ പത്തിമൂല കോളനിയിൽ റോഡ് സംരക്ഷണ ഭിത്തി കെട്ടൽ, റോഡ് കോൺക്രീറ്റിംഗ് | 6,70,000/- |
| 3 | താമരക്കുളം പഞ്ചായത്തിൽ കുഴിവേലിൽ തെക്കേതിൽ കോളനിയിൽ റോഡ് റീ ടാറിംഗ് കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം | 13,60,000/- |
| 4 | വള്ളിക്കുന്നം പഞ്ചായത്തിലെ പാച്ചിറ വടക്കേതിൽ കോളനിയിൽ റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം | 6,75,000/- |
| 5 | നൂറനാട് വലയിൽ കോളനി റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം. | 17,50,000/- |
| 6 | വള്ളിക്കുന്നം പഞ്ചായത്തിലെ IKS കോളനിയിൽ പി.എച്ച്.സി.തോപ്പിൽമുക്ക് റോഡ് റീ ടാറിംഗ് | 12,40,000/- |
| 7 | പാലമേൽ പഞ്ചായത്തിലെ കണിയാന്റെ വടക്കേതിൽ കോളനിയിലെ കുളത്തിന്റെ മേലതിൽ പുത്തൻകുളം കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് | 13,50,000/- |
| 8 | നൂറനാട് പഞ്ചായത്തിൽ ക്ലാത്തറ കോളനിയിലെ കുഴിവള ജംഗ്ഷൻ - ക്ലാത്തറകടവ് റോഡ് റീ ടാറിംഗ് | 4,80,000/- |
| 9 | നൂറനാട് പഞ്ചായത്തിലെ ക്ലാത്തറ കോളനിയിലെ KPMS ജംഗ്ഷൻ പുഞ്ച റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം | 14,90,000/- |
| 10 | ചുനക്കര പഞ്ചായത്തിലെ പുത്തൻവിള കോളനി കൊച്ചുതുണ്ടിൽ മുതൽ കൊട്ടയ്ക്കാട് പാടം വരെ റോഡ് കോൺക്രീറ്റിംഗ് | 4,00,000/- |
| | **ആകെ** | **1,01,45,000/-** |

(ഒപ്പ്)

സെക്ഷൻ ഓഫീസർ